# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

സ്റ്റാന്റേർഡ് : 1

# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും , അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്തഡയറി, സചിത്രപുസ്തകം, സ്വതന്ത്രരചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻവഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് ഉൾകുട്ടി ഓരോ മാസവും വിവിധ പ്രവർത്തനപട്ടത്തിലൂടെ കുട്ടിയും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ്. അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്. അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെടുത്തിക്കൊണ്ട് ജൂൺ - മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ഉചിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | * ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.<br>* രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം.<br>* ടീച്ചർ പുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.<br>* വീട്ടുവായന - രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.<br>* ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.<br>* ചിത്രകാർഡുകൾ, വായനകാർഡുകൾ നിർമ്മാണ ശില്പശാല<br>ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ.<br>* തിയേറ്റർ സാധ്യതകൾ, വായനകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ | ജൂൺ - ആഗസ്റ്റ് | ക്ലാസ് അധ്യാപകർ, പി.ടി.എ, രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| | * കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും, പഠനോപകരണങ്ങളുടെയും, സഹായത്തോടെ അവതരിപ്പിക്കാൻ അവസരം<br>* വായനോത്സവം<br>* കഥോത്സവം<br>* പാട്ടരങ്ങ്<br>* ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പറയുന്നു.<br>* ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ.<br>* ചിത്രവായനക്കാർഡുകൾ തയ്യാറാക്കൽ. | സെപ്റ്റംബർ | ക്ലാസ് അധ്യാപകർ |
| | * കൂട്ടവായന – കുട്ടികളുമായി പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.<br>* ലളിതമായ വായനാകാർഡുകൾ സഹായത്തോടെ വായിക്കുന്നു.<br>* വേദികളിൽ സ്വതന്ത്രമായി കഥ പറയൽ.<br>* ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. | ഒക്ടോബർ- ഡിസംബർ | ക്ലാസ് അധ്യാപകർ |

| | | | |
|---|---|---|---|
| | കുട്ടി സഹായത്തോടെ വായിക്കുന്നു.<br>* കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം.<br>* കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു. | | |
| എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മുതിർന്നവരുടെ സഹായം ഇല്ലാതെ ചെറുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തും | * ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു<br>* വായനക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.<br>* ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം നൽകുന്നു.<br>* ഡയറി എഴുത്ത് - രക്ഷിതാക്കളുടെ സഹായത്തോടെ ഡയറി എഴുത്ത്. കുട്ടി പഠിച്ച അക്ഷരങ്ങൾ കുട്ടികൾ എഴുതുന്നു. തുടർന്ന് സ്വന്തമായ രചനയിലേക്ക് എത്തുന്നു. | ജനുവരി- ഫെബ്രുവരി | ക്ലാസ് അധ്യാപകൻ |

| | | | |
|---|---|---|---|
| | * ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ.<br>* കാർട്ടൂണുകൾക്ക് സംഭാഷണം എഴുതൽ.<br>* കുഞ്ഞെഴുത്ത് - കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ഭാഷാരചനാശിൽപ-ശാലകൾ<br>* ലഘുവീഡിയോ പ്രദർശിപ്പിച്ച് അതിൽ നിന്നും ചോദ്യങ്ങളിലൂടെ പങ്കാളിത്തപാഠങ്ങൾ നിർമ്മിക്കൽ<br>* രചനോത്സവം - ചിത്രങ്ങൾ അടിസ്ഥാനമാക്കി കുട്ടികളുടെ സ്വന്തമായ രചനകൾ സൃഷ്ടിക്കൽ. | മാർച്ച് | |
| | | | |

# ഗണിതം

## ലക്ഷ്യങ്ങൾ

* കുട്ടികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിതം കൂടുതൽ ലളിതമാക്കൽ
* [illegible] ഉൾപ്പെടുത്തി ഗണിതപഠനം കൂടുതൽ രസകരമാക്കൽ.
* ഗണിതപ്പാട്ടുകൾ പാടി രസിക്കൽ.
* പ്രശ്നനിർധാരണം നടത്താനുള്ള കഴിവ് വികസിപ്പിക്കൽ.
* ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും, എഴുതാനും വായിക്കാനുമുള്ള കഴിവ്.
* ഒരക്കസംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ.
* രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം.
* ഒരക്ക സംഖ്യ വ്യാഖ്യാനം
* ഒരക്ക സംഖ്യ പാറ്റേൺ.
* രണ്ടക്ക സംഖ്യകളുടെ (20-ൽ താഴെ) സങ്കലനം, വ്യവകലനം.
* 20-ൽ താഴെയുള്ള സംഖ്യകളുടെ സംഖ്യാവ്യാഖ്യാനം
* 20-ൽ താഴെയുള്ള സംഖ്യകളുടെ പാറ്റേൺ
* 1 മുതൽ 100 വരെ എഴുതാനും വായിക്കാനുമുള്ള കഴിവ്.
* പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന്.

| പ്രവർത്തനം | കാലം | ചുമതല |
|---|---|---|
| * ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.<br>* ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രരചന നിർവ്വഹിക്കുന്നു.<br>* ചുറ്റുപാടുമുള്ള വസ്തുക്കളെ ജ്യാമിതീയരൂപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു. | ജൂൺ | അധ്യാപകർ |
| * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>* സംഖ്യാകാർഡ് നിർമ്മാണം.<br>* 1–5 വരെയുള്ള സംഖ്യകൾ എഴുതാനും, പറയാനും, എണ്ണിയെടുക്കാനും കഴിയുന്നു.<br>* 5 ന്റെ വ്യാഖ്യാനം വ്യത്യസ്ത സാധ്യതകൾ തിരിച്ചറിയുന്നു. | ജൂലൈ | അധ്യാപകർ |
| * കൂട്ടത്തിൽനിന്ന് നിശ്ചിതഎണ്ണം എണ്ണിയെടുക്കാൻ കഴിയും.<br>* 0 എന്ന ചിഹ്നം ഒന്നുമില്ലായ്മയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു എന്ന ധാരണ നേടുന്നു<br>* 1-9 വരെയുള്ള സംഖ്യകൾ വായിക്കാനും, എഴുതാനുമുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്നു.<br>* സംഖ്യകളെ വലുത്, ചെറുത് എന്നി ക്രമത്തിലാക്കുന്നു, താരതമ്യം ചെയ്യുന്നു. | ഓഗസ്റ്റ് | അധ്യാപകർ |

| | | |
|---|---|---|
| * ഒരു കൂട്ടത്തിൽനിന്ന് നിശ്ചിത എണ്ണം എണ്ണിയെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളിലേർപ്പെടുന്നു.<br>* 11 – 20 വരെയുള്ള സംഖ്യകൾ ഉച്ചരിക്കൽ, വായിക്കൽ, എഴുതൽ എന്നീ പ്രവർത്തനത്തിൽ ഏർപ്പെടുന്നു.<br>* 10 എന്ന സംഖ്യയെ അടിസ്ഥാനമാക്കി അതിനോട് ഒറ്റസംഖ്യകൾ കൂട്ടിച്ചേർത്ത് പുതുസംഖ്യ നിർമ്മിക്കുന്നു.<br>ഉദാ : 10 + 1 = 11<br>10 + 2 = 12<br>10 + 3 = 13<br>* മഞ്ചാടിസഞ്ചി നിർമ്മാണം.<br>* 10+10 = 20 എന്ന ആശയധാരണയിൽ എത്തിച്ചേരുന്നു. | സെപ്റ്റംബർ ഒക്ടോബർ | അധ്യാപകൻ |
| * തുക 20 വരെ കിട്ടുന്ന രണ്ട് ഒറ്റസംഖ്യകളുടെ സങ്കലനക്രിയ പരിശീലിച്ചുനോക്കുന്നു.<br>* രണ്ട് സംഖ്യകൾ കൂട്ടുന്ന ക്രിയയെ സങ്കലനക്രിയ എന്നും അതിന്റെ ചിഹ്നമാണ് '+', വലിയസംഖ്യയിൽനിന്ന് ചെറിയ സംഖ്യ കുറയ്ക്കുന്ന ക്രിയയെ വ്യവകലനക്രിയ എന്നും അതിന്റെ ചിഹ്നമാണ് '–' എന്ന ധാരണയും കുട്ടി നേടുന്നു. | നവംബർ | അധ്യാപകർ |

# ENGLISH

## General Objectives

* To improve the ability of the learners to speak, read and write in English.
* To confirm that the learners aquire the aims of each units.
* To enrich vocabulary.
* To make plane for English language acquisition through easy and attractive methods.
* To enable the learners to enjoy different discourses.
* To adopt suitable activities for CWSN learners.

| Activities | Month | Support |
|---|---|---|
| * Simple words introducing<br>* Provides picture cards.<br>* Gives a familiar magic picture card. | June | Teacher |
| * Says the familiar words<br>* Writing familiar words<br>* Reading familiar words | July | Teacher |
| * Enjoys songs and sings them with rhythm and action.<br>* Describes orally about picture and object using adjectives.<br>Eg: colours, Shapes, Small, big etc. | August | Teacher |

| | | |
|---|---|---|
| * Reads and write simple words and simple sentence. Eg: Apple, An apple, Red apple. * Provides picture card and reading cards | September | Teacher |
| * Introduces a simple picture description * Word chain, sentence chain make words. * Sentences make riddles. * Describing words, rhyming words else text book activities. * My growing book is being prepared | October | Teacher |
| * My small description book is being prepared. * Preparing the reading card. * The classroom provides more opportunities to read, write and speak english. * Write 5 English word daily. * Prepared and display by My English world. | November | Teacher. |
| * My picture dictionary is being prepared. * My growing book is being prepared * Simple instructions in the classroom. * Encourages digital reading in the classroom everyday. | December | Teacher |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ -

# 2025 -26

# ക്ലാസ്സ് - 2

## അക്കാദമിക മാസ്റ്റർ പ്ലാൻ - രണ്ടാം ക്ലാസ്സ്

**ലക്ഷ്യം :** രണ്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, ഇതര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവയെ പോഷിപ്പിക്കുക

പൊതുതത്വങ്ങൾ

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.

# പ്രവർത്തന കലണ്ടർ

| No | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് |
| 2 | മധുരം മലയാളം | ജൂൺ മുതൽ മാർച്ച് വരെ |
| 3 | സംയുക്ത ഡയറി | " |
| 4 | പാട്ടരങ്ങ് | " |
| 5 | സചിത്രപുസ്തകം | " |
| 6 | വീഡിയോസ് തിയേറ്റർ | ജൂലൈ മുതൽ മാർച്ച് വരെ |
| 7 | നാട്ടുവിശേഷം കൂട്ടെഴുത്ത് | " |
| 8 | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9 | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |
| 10 | വായനോത്സവം | " |
| 11 | ഭാഷോത്സവം | ജനുവരി |
| 12 | ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് വരെ |
| 13 | ഗണിത കിറ്റ് | " |
| 14 | പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് വീതം |
| 15 | ലഘു പ്രോജക്റ്റ് | " |
| 16 | പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |

ഭാഷാപഠനം പ്രവർത്തന പദ്ധതി

| ക്രമ നം | പ്രവർത്തനം | ലക്ഷ്യം | ചുമതലക്കാർ | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | SRG, ക്ലാസ് ടീച്ചർ | ലക്ഷ്യം നേടുന്നതുവരെ | PTA ഫണ്ട് |
| 2. | ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കാൻ | പഠനം മെച്ചപ്പെടുത്തുക | HM, SRG, class teachers | വർഷം മുഴുവൻ | PTA |
| 3 | വായിക്കാം വളരാം | വായനാ ശേഷി വളർത്തൽ | " | " | PTA, CPTA |
| 4 | ക്ലാസ് വായനാ ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം | വായനാ ശീലം വളർത്തുക ലൈബ്രറി ഉപയോഗപ്പെടുത്തുക. | " | " | CPTA |
| 5 | വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് | വായനയുടെ ആഴം വർധിപ്പിക്കുക. | " | " | CPTA |
| 6 | എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കാൻ | ക്ലാസ് ടീച്ചർ, SRG | ദിവസേന | PTA |

(പ്ര)വർത്തന കലണ്ടർ

| | | | | | |
|---|---|---|---|---|---|
| 7 | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ ഉപയോഗത്തിലൂടെ പ്രകടിപ്പിക്കൽ | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു | ഇൻസ്റ്റിറ്റ്യൂട്ട് രക്ഷിതാക്കൾ | ജൂൺ - ആഴ്ച | C+ |
| 8 | കണ്ടറിയാം കേട്ടറിയാം | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | PTA |
| 9 | രുചിച്ചറിയാം | നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | SRG, PTA, ക്ലാസ് ടീച്ചർ | വർഷത്തിലൊന്ന് | |
| 10. | ഓർക്കാം അഭിമാനിക്കാം സാഹിത്യകാരന്മാർ | സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മദിനങ്ങൾ ആചരിക്കൽ | SRG, ഇൻസ്റ്റിറ്റ്യൂട്ട് CPTA | | |
| 11 | സർഗോത്സവം | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | SRG, CPTA, ഇൻസ്റ്റിറ്റ്യൂട്ട് | വർഷത്തിലൊരിക്കൽ | |

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

## പൊതുവിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്ന

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഉന്ന നിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

എല്ലാ ശൈക്ഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന സി.എം.എസ് എച്ച്.എസ് തിരുവല്ല സജീവമായ പി.ടി.എ, എം.ടി.എ, അധ്യാപക സംഘം, രക്ഷിതാക്കൾ പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്ന

പി.ടി.എ പ്രസിഡന്റ്

ഹെഡ് മിസ്ട്രസ്

എം.ടി.എ. പ്രസിഡന്റ്

# സി. എം എസ് എച്ച് എസ്. തിരുവല്ല.

പത്തനംതിട്ട ജില്ലയിൽ തിരുവല്ല മുനിസിപ്പാലിറ്റിയുടെ ഭാഗമായ തുകലശ്ശേരി കുന്നിൻ ചരിവിലാണ് സി.എം.എസ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. നാടിനെ ആധുനിക കാലഘട്ടത്തിലേക്ക് നയിക്കുവാൻ നേതൃത്വം നൽകിയ സരസ്വതീക്ഷേത്രമായിരുന്ന സി.എം.എസ് ഹൈസ്കൂൾ തിരുവല്ല. സാധാരണക്കാരന് വിദ്യ വിലക്കപ്പെട്ട കാലത്ത് ജാതിമതഭേദമെന്യേ ഏവർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകിയ ഈ സ്ഥാപനം നിലവിൽ വന്നത് 1848ലാണ്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മൂർത്തിഭാവമായിരുന്ന റവ. ജോൺ ഹോക്സ്‌വർത്ത് എന്ന സി.എം.എസ് മിഷനറിയായിരുന്നു ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. 1894ൽ മലയാളം മിഡിൽസ്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യാലയം പിന്നീട് 1968ൽ ഹൈസ്കൂളായി അംഗീകരിക്കപ്പെട്ടു. ST. തോമസ് CSI ചർച്ച് തുകലശ്ശേരിയിലെ ഇടവക വികാരിയായ Rev. സി.വൈ. തോമസ് അച്ചനാണ് ഈ സ്കൂളിന്റെ ഇപ്പോഴത്തെ ലോക്കൽ മാനേജർ

പ്രധാനാധ്യാപിക ഉൾപ്പെടെ 13 അധ്യാപകരും 4 അനധ്യാപകരും ഈ സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നു. PTA യുടെ നേതൃത്വത്തിൽ ഒരു പ്രീപ്രൈമറിയും 2 1 അധ്യാപികയും സ്കൂളിൽ പ്രവർത്തിക്കുന്നു. സ്കൂളിന്റെ എല്ലാ ആവശ്യങ്ങൾക്കും മാനേജ്മെന്റ് സജീവ പിന്തുണ നൽകുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ പൂർവ്വവിദ്യാർത്ഥികളും നാട്ടുകാരും അകമഴിഞ്ഞ പിന്തുണ നൽകുന്നുവെന്നുള്ളത് ഏറെ സന്തോഷകരം തന്നെയാണ്.

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : സി. എം. എസ്. എച്ച്. എസ് തിരുവല്ല |
| മേൽവിലാസം | : തിരുവല്ല P.O തുകലശ്ശേരി പത്തനംതിട്ട |
| സ്കൂൾ കോഡ് | : 37047 |
| വിദ്യാഭ്യാസ ഉപജില്ല | : തിരുവല്ല |
| വിദ്യാഭ്യാസ ജില്ല | തിരുവല്ല. |
| റവന്യൂ ജില്ല | : പത്തനംതിട്ട |
| ബി. ആർ. സി | : തിരുവല്ല |
| സി. ആർ. സി | : തിരുവല്ല |
| മുൻസിപ്പാലിറ്റി | : തിരുവല്ല |
| നിയമസഭാമണ്ഡലം | : തിരുവല്ല |
| ലോക്സഭാമണ്ഡലം | : പത്തനംതിട്ട |
| ബ്ലോക്ക് | പുളിക്കീഴ് |
| താലൂക്ക് | തിരുവല്ല |
| ഇ. മെയിൽ വിലാസം | cmshsc@gmail.com |

## അവസ്ഥാവിശകലനം

2024-25 അക്കാദമിക് വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസിലെ കുട്ടികളുടെ എണ്ണം.

| വിഭാഗം | I | | II | | III | | IV | | V | | VI | | VII | | VIII | | IX | | X | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 6 | 2 | 7 | 8 | 2 | 5 | 7 | 5 | 8 | 9 | 11 | 15 | 15 | 9 | 9 | 11 | 11 | 9 | 9 | 15 |
| ആകെ | 8 | | 15 | | 7 | | 12 | | 17 | | 22 | | 24 | | 20 | | 20 | | 24 | |

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസിലെ കുട്ടികളുടെ എണ്ണം.

| വിഭാഗം | I | | II | | III | | IV | | V | | VI | | VII | | VIII | | IX | | X | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 4 | 1 | 5 | 2 | 8 | 9 | 2 | 6 | 9 | 7 | 8 | 8 | 10 | 11 | 12 | 10 | 8 | 11 | 11 | 9 |
| ആകെ | 5 | | 7 | | 17 | | 8 | | 17 | | 16 | | 21 | | 22 | | 19 | | 20 | |

# അധ്യാപകർ

| | |
|---|---|
| അധ്യാപകരുടെ എണ്ണം<br>സ്ഥിരം അധ്യാപകർ<br>പ്രീ പ്രൈമറി | 13<br>12<br>1 |
| | |

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ് കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ / കോർണർ പി.ടി.എ കൾ ചേരും.
8. ഒന്നാം ക്ലാസ് മുതൽ [illegible] പത്താം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ നൽകും.
9. മാലിന്യ മുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ഉചിതമായ വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ
10. ജൈവവൈവിധ്യ കലവറയാക്കി വിദ്യാലയത്തെ മാറ്റുക.

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
3. കുട്ടികൾക്ക് സാഹിത്യ അഭിരുചി വളർത്തുക
4. സർഗ്ഗാത്മക വായനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
3. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
4. ക്ലാസ് തല വായനമൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘുഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
5. ഈസി ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.
6. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
7. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

## സയൻസ് പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അവസരം ഒരുക്കുക
3. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക
4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക
5. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക

## സാമൂഹികാവബോധം

1. ജനാധിപത്യവേദികൾ ഒരുക്കുക
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
4. ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പുവരുത്തുക
4. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക
5. ഗണിതചിന്ത യുക്തിചിന്ത വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുക.

## ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവര സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളെ/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക

## കലാപരിശീലനം

1. കലാഭിരുചി വളർത്തുക
2. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക
3. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
4. ആധുനിക ശാസ്ത്രസാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക
2. ആരോഗ്യശീലങ്ങൾ വളർത്തുക
3. ആരോഗ്യ കായികവിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
4. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം<br>• നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം<br>• ഓരോ കുട്ടിയുടെയും കഴിവും അഭിരുചിയും പരിശീലനം ലഭ്യമാക്കുന്നു<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗാത്മക വേദികൾ ആശയ പ്രകടന വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട് 30% കുട്ടികളെങ്കിലും പിന്നാക്കക്കാരാണ്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇവയുടെ പ്രവർത്തന ക്ഷമത ICT യുമായി ബന്ധപ്പെട്ട് നൽകുന്ന പ്രയാസം നേരിടുന്നു. |

# ENGILISH

| | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലക്കാർ | സഹായികൾ |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഭാഷ മികവായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്താൻ | രണ്ട് മാസം കൂടുമ്പോൾ | ക്ലാസ് ടീച്ചർ | |
| 2. | ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ചയിൽ ഒന്ന് (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| 3. | ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മക പരിപോഷണം | മാസത്തിലൊന്ന് | " | |
| 4 | ഇംഗ്ലീഷ് മാഗസിൻ | സർഗാത്മക, രചനാ ശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ | HM, ക്ലാസ് ടീച്ചർ | PTA |
| 5 | ഇംഗ്ലീഷ് കൈയെഴുത്ത് | രചനാമികവ് | മാസത്തിലൊന്ന് | ക്ലാസ്ടീച്ചർ | PTA |
| 6 | ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | രണ്ടാഴ്ച്ചയിൽ ഒന്ന് | ക്ലാസ്ടീച്ചർ | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 7. | ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കാൻ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കാൻ | വർഷത്തിലൊന്ന് | ഇംഗ് ടീച്ചർ |

# ഗണിതം

| | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | പങ്കാളിത്തം |
|---|---|---|---|---|---|
| 1 | വിവിധതരം കളികൾ | ഗണിതപഠനം രസകരമാക്കാൻ (ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ) | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| 2 | ഗണിതലാബ് | ഗണിതപഠനം സുതാര്യമാക്കാൻ ഗണിതലാബ് ഉപയോഗപ്പെടുത്താൻ | വർഷം മുഴുവൻ | HM, SRG, ക്ലാസ്ടീച്ചർ | PTA |
| 3. | ഗണിതരൂപം | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| 4 | ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കാൻ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| 5 | ഗണിതമേള | ഗണിതശേഷി കുട്ടികളുടെ വികാസത്തിന് | വർഷാന്ത്യം | SRG, ക്ലാസ്ടീച്ചർ | PTA |

# പരിസരപഠനം

| | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | പ്രകൃതിനടത്തം | നിരീക്ഷണം, അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM, CPTA | PTA |
| 2. | ശാസ്ത്രമേള | ശാസ്ത്രപഠനം ലക്ഷ്യബോധം സംശയവുമാക്കൽ | വർഷം മുഴുവൻ | HM, SRG, CPTA, ക്ലാസ് ടീച്ചർ | |
| 3 | ഭൂപടമാർക്കാം | ഭൂപടവായന, ഭൂപടരചന സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

സ്റ്റാൻഡേർഡ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റു കൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| | ക്ലാസ് ലൈബ്രറി വിതരണം | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാക്കുറിപ്പുകൾ CPTA യിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല. |
| | വായനാക്കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി.പി.ടി.എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ അറിയിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക.<br>അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതി ദിന പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം. | ജൂൺ -<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി.പി.ടി.എ |

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപകദിനം. പൂർവകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കാൻ വേദി - സിപിടിഎ. | അധ്യയനവർഷം മുഴുവൻ | സി പി ടി എ | ഇല്ല. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സിപിടിഎ | ഇല്ല. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാട്ടുകൾ<br>• നാണയങ്ങൾ, കളിനോട്ടുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല. |
| | • പാട്ടുകൾ (ഗണിതപ്പാട്ട്) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | ഇല്ല. |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാകുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല. |
| സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മനക്കണക്കുകൾ<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല. |
| ഗുണന വസ്തുതകൾ നേടൽ | • മനക്കണക്കുകൾ<br>• മമ്പാടിക്കളി. | ഡിസംബർ - ജനുവരി | അധ്യാപകൻ കുട്ടികൾ, സിപിടിഎ | ഇല്ല. |

| | | | | |
|---|---|---|---|---|
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ICT വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി - മാർച്ച് | അധ്യാപികർ, കുട്ടികൾ | ഇല്ല. |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. | സ്മാർട്ട് വെവ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു. (am/pm) സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു.<br>ക്ലാസിൽ ഒരു കട / കച്ചവടം നടത്താൻ കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവയ്ക്ക് വില നൽകി കട ഒരുക്കുന്നു. ആവശ്യമുള്ളവ അളന്നെടുക്കുന്നു. കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവടകളി ഒരുക്കുന്നു. കടക്കാരനും ഉപഭോക്താവും കുട്ടികൾ തന്നെ. സാധനം വാങ്ങുകയും പണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ഇതിൽ ചർച്ചചെയ്യുന്ന ചോദ്യങ്ങൾ ക്രോഡീകരിച്ച് അധ്യാപകന്റെ സഹായത്തോടെ [illegible] | ജൂലൈ<br>സെപ്റ്റംബർ - ഫെബ്രുവരി | കുട്ടികൾ അധ്യാപികർ | ഇല്ല. |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ നിരീക്ഷിക്കൽ പ്രകൃതി നടത്തം - (പാഠം വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം. | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക മഴക്കുഴി നിർമ്മാണം. വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ്- സെപ്റ്റംബർ | അധ്യാപകൻ<br>പി.ടി.എ ഹരിതകർമസേന - പി.ടി.എ | പി.ടി.എ. |
| വ്യക്തി ശുചിത്വം | കൈകഴുകൽ - പരിശീലനം പോസ്റ്റർ നിർമ്മാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ - ഒക്ടോബർ | അധ്യാപകൻ, കുട്ടികൾ | പി.ടി.എ ഇല്ല. |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study Alphabets | * Pre test<br>* Write simple words | June - July | Teacher, students | PTA. |
| To study, write and read simple words. | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | class room communication should be in English like may I drinks some water like May I drink some water? May I Go to bathroom?<br>* Hello<br>* Hello everyone.<br>* Good morning<br>* Good morning class.<br>* Good Afternoon everyone<br>* How are you?<br>* How are you all?<br>* How are you today | Accademic year | Teacher, Student Parents | Nil |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## STD IV

മലയാളം      മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ - പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG ക്ലാസ് ടീച്ചർ | |
| **വായിക്കാം വളരാം** | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകപരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് | വർഷം മുഴുവൻ | SRG CPTA ക്ലാസ് ടീച്ചർ HM | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗത്തിൽ നിന്ന് നേടിയ ശേഷികൾ പഠനപ്രവർത്തനങ്ങളിൽനിന്നും ശേഷികൾ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |

| | | | | | |
|---|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം | | | | | |
| അറിവ് നേടൽ<br>ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | class Teacher | PTA | |
| രുചിച്ചറിയാം | | | | | |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ക്ലാസിലൊരു സദ്യ.<br>ഭക്ഷ്യമേള<br>പാചക കുറിപ്പ് | വർഷത്തിലൊന്ന് | SRG<br>PTA<br>ക്ലാസ് ടീച്ചർ | | |
| ഓർക്കാം - അഭിമാനിക്കാം [സാഹിത്യകാരന്മാർ] | | | | | |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | പുസ്തകപരിചയം, ക്വിസ് ജീവചരിത്ര കുറിപ്പ് ഓർമദിനം ആചരിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>Class Teacher | | |
| കലക്കൂട്ട്, സർഗോത്സവം | | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ തിരിച്ചറിയൽ. | | കലാ ഉപകരണങ്ങൾ കലാവതരണം | വർഷത്തിലൊരിക്കൽ | HM<br>CPTA<br>SRG | PTA |
| ഭാഷാ പഠനശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | | | |

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതി നടത്തം | | | | |
| നിരീക്ഷണം<br>അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | H.M<br>CPTA | PTA |
| ശാസ്ത്ര മൂല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്സ് ടീച്ചർ | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ. | സയൻസ് പാർക്ക് വാന നിരീക്ഷണ കേന്ദ്രം ശാസ്ത്ര വേദികൾ പ്രദർശനങ്ങൾ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ്സ് ടീച്ചർ | PTA<br>രക്ഷിതാക്കൾ. |
| ഭൂപടമൊരുക്കാം | | | | |
| കേരളം, ഇന്ത്യ ഭൂപടവായന | ഭൂപട വായന<br>ഭൂപട രചന | വർഷത്തിലൊന്ന് | SRG<br>ക്ലാസ്സ് ടീച്ചർ | PTA |

ശാസ്ത്ര വിസ്മയ ചുവർ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വാർത്തകൾ പ്രദർശിപ്പിക്കൽ | വർഷത്തിലൊന്ന് ആവശ്യാനുസരണം | SRG<br>ക്ലാസ്സ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്രപഠനം നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട് ആൽബം, പഠന ഉപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ്സ് ടീച്ചർ | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ്സ് ടീച്ചർ | PTA |

## ഗണിതം

### കളിക്കാം... ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ. ഏണിയും പാമ്പും ഡയസ് കളി സങ്കലനം, വ്യവകലനം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം ഗണിത പഠനം രസകരമാക്കൽ | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിൽ ഒരിക്കൽ സമയം ഉചിതം ആയത് | ക്ലാസ് ടീച്ചർ | |
| ഗണിതച്ചുമർ ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനോപകരണങ്ങൾ പഠനോപകരണങ്ങൾ ഗണിത പഠനം രസകരമാക്കുന്നു | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ പ്രദർശനം | ആവശ്യാനുസരണം | HM ക്ലാസ് ടീച്ചർ | PTA |

| ഗണിതവേള ഗണിത ശേഷികളുടെ പ്രകടനം | | പസിൽ, പാറ്റേൺ പഠനഉല്പന്നങ്ങൾ | വർഷത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ | PTA |
|---|---|---|---|---|---|

## ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കുവാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | അസംബ്ലി സംഘടിപ്പിക്കൽ കുട്ടികൾ നേതൃത്വം നൽകുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | | |

ഇംഗ്ലീഷ് കോർണർ

| | | | | | |
|---|---|---|---|---|---|
| വായന പരിപോഷണം | • വായന വേള ഒരുക്കൽ<br>• വായനക്കുറിപ്പ്<br>• പുസ്തക പരിചയം<br>• വായനാമൂല കുട്ടികളുടെ നിലവാരം അനുസരിച്ച് | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ | രചനാ മത്സരം വായനാ മത്സരം സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ക്ലാസ് ടീച്ചർ | |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

ഹൈസ്കൂൾ, മലയാളം.

## ലക്ഷ്യങ്ങൾ

* ഭാഷാപഠനത്തിൽ കുട്ടികളുടെ നിലവാരം ഉയർത്തുക.
* വായന, എഴുത്ത്, സംഭാഷണം, വ്യാകരണശേഷി എന്നിവയിൽ മികവ് വർദ്ധിപ്പിക്കുക.
* സാഹിത്യത്തോടും സംസ്കാരത്തോടുമുള്ള താൽപര്യം വളർത്തുക.
* സർഗ്ഗാത്മക ശേഷികൾ പ്രോത്സാഹിപ്പിക്കുക

## പ്രവർത്തനങ്ങൾ

- ഓരോ ക്ലാസിലെയും പഠനനിലവാരം വിലയിരുത്തിക്കൊണ്ട് കുട്ടികളുടെ കഴിവുകൾക്കനുസരിച്ച് പാഠ്യപദ്ധതിക്ക് അനുബന്ധമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

* വായന പ്രോത്സാഹിപ്പിക്കാനുള്ള പരി-
പാടികൾ :-
- ലൈബ്രറി ഉപയോഗം പ്രോത്സാഹിപ്പിക്കുക
- പുസ്തക പരിചയം
- വായനക്കുറിപ്പുകൾ തയാറാക്കൽ
- വായനാ മത്സരങ്ങൾ നടത്തുക

* എഴുത്ത് ശേഷി മെച്ചപ്പെടുത്തുന്നതിനുള്ള
പദ്ധതികൾ:-
- വിവിധ വിഷയങ്ങളെക്കുറിച്ച് ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവ എഴുതാൻ കുട്ടികളെ പ്രേരിപ്പിക്കുക.
- സ്കൂൾ മാഗസിൻ തയാറാക്കുക.

* ഭാഷാ ക്ലബ്ബുകളുടെ പ്രവർത്തനം:
- മലയാള ഭാഷാ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുക

* ആശയവിനിമയ ശേഷി മെച്ചപ്പെടുത്തുക:
- സംവാദങ്ങൾ, പ്രസംഗമത്സരങ്ങൾ, പത്രവാർത്താ അവതരണം തുടങ്ങിയവ നടത്തുക.

* പരീക്ഷാപരിശീലനം :
എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ കുട്ടികൾക്കും മികച്ച വിജയം ഉറപ്പാക്കാൻ പ്രത്യേക ക്ലാസുകളും പരിശീലനങ്ങളും നൽകുക.

* സാമൂഹിക പഠനം :
പ്രാദേശിക കലാരൂപങ്ങൾ, സാഹിത്യകാരന്മാർ, ചരിത്രസ്മാരകങ്ങൾ എന്നിവയെക്കുറിച്ച് പഠനം നടത്തുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കാൻ | **അങ്ങോട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹിക ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമച്ചെപ്പ്** അന്റാർട്ടിക്കയിലെ [illegible] മുതൽ ഹിമാലയം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ മീറ്റിംഗിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയിലുള്ള അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം : നേർകാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ തീവ്രതയേറിയ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) സഹജീവികളോട് സദ്ഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നമ്മുടെ നുറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമേകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടറിവിടെ മരങ്ങളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ <u>ഇടപെടലുകൾക്ക്</u> വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക-ലോകം സൃഷ്ടിക്കുന്ന മത്സരം. ഇതിലൂടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിർമ്മിതമായി കണ്ടെത്തുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |

# യു.പി ഗണിതം അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതത്തിൽ അടിസ്ഥാന ക്രിയാശേഷി നേടിയിട്ടില്ലാത്തവരെ കണ്ടെത്തുവാനും അവർക്ക് തക്കതായ അടിസ്ഥാന ശേഷി നേടിയെടുക്കുന്നതിനായ് പദ്ധതികൾ ആവിഷ്കരിക്കാനും താത്പര്യപ്പെടുന്നു. ഗണിതാശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കാനും, ആ ആശയങ്ങൾ ഉപയോഗിച്ച് പ്രശ്നനിർധാരണം ചെയ്യുന്നതിൽ അവരെ പ്രോത്സാഹിപ്പിക്കുവാനും ആഗ്രഹിക്കുന്നു. ഗണിതത്തിൽ ഉയർന്ന നിലവാരമുള്ള കുട്ടികളെ വളർത്തിയെടുക്കാനുള്ള പരിശ്രമത്തിലാണ്. ഗണിത ചിന്തകളിൽ കുട്ടികളിൽ ഉണ്ടാകുവാൻ തക്കവണ്ണം സാഹചര്യങ്ങളെ പരിചയപ്പെടുത്തണം. ഗണിത മനോഭാവം കുട്ടികളിൽ ഉണ്ടാകുന്നതിലൂടെ ഗണിതത്തോടുള്ള കുട്ടികളുടെ പേടി അകലുകയും ഗണിതത്തോടും ചോദ്യങ്ങളോടും ഒരു നല്ല മനോഭാവം ഉണ്ടാകുകയും ചെയ്യും. എല്ലാ കുട്ടികൾക്കും ഗണിതത്തിൽ ഉയർന്നതും മികച്ചതുമായ വിജയം കൈവരിക്കാൻ ആവശ്യമായ സാഹചര്യങ്ങളെ പരിചയപ്പെടുത്തുന്നതായിരിക്കും. കുട്ടികൾക്ക് ഗണിതത്തിലുള്ള താത്പര്യം വർദ്ധിപ്പിക്കാൻ ഗണിത ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതായിരിക്കും.

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പ് വരുത്തുന്നു | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് അടിസ്ഥാന ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കാം.<br>2. എല്ലാ തരം കുട്ടികളും ഉൾപ്പെടുന്ന ചെറിയ സംഘങ്ങൾ ഉപയോഗിച്ച് അടിസ്ഥാന ക്രിയകൾ കുട്ടികളിൽ ഉറപ്പിക്കാം | ജൂൺ ജൂലൈ | ഗണിത അധ്യാപിക |
| 2. ഗണിതത്തിൽ കുട്ടികളുടെ അഭിരുചി കണ്ടെത്തൽ | ഗണിത അഭിരുചി പരീക്ഷയിലൂടെ ഗണിതാഭിരുചി കണ്ടെത്താൻ സാധിക്കും. | ജൂലൈ ആഗസ്റ്റ് | ഗണിത അധ്യാപിക ഗണിത ക്ലബ് |
| 3. ഗണിതവും ഗണിതാശയവും ലളിതമാക്കൽ | 1. ഗണിത ലാബ് നിർമാണത്തിലൂടെ ഗണിതാശയങ്ങൾ ലളിതമാക്കി പഠിക്കാൻ സാധിക്കും.<br>2. വിവിധ ഗെയിംസ്, പസിലുകൾ, കളികൾ എന്നിവയിലൂടെ ആശയങ്ങൾ ലളിതമാക്കാം. | ഒരു വർഷം | ഗണിത അധ്യാപിക<br>ഗണിത ക്ലബ് |
| 4. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളിലൂടെ ഗണിതത്തിലെ പ്രത്യേക ദിനങ്ങൾ ആചരിക്കാം. അങ്ങനെ കുട്ടികളുടെ താൽപര്യം വർധിപ്പിക്കാം. | ഒരു വർഷം | ഗണിത ക്ലബ്<br>SRG<br>ഗണിത അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ഹെറിറ്റേജ് ബെൽറ്റ്: മാനവികതയിൽ ആനുകാലിക ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| 4) ആയുർവേദ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യവേദ സൃഷ്ടിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| | ഔഷധ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഔഷധ സസ്യത്തിൽ ഔഷധത്തോടൊപ്പം ചട്ടങ്ങൾ രോഗവും നിർമ്മിക്കൽ | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിതസേന ക്ലബ് | കൃഷി വകുപ്പ്, ഹരിതസേന ക്ലബ് |
| | സസ്യങ്ങളുടെ ശാസ്ത്രീയ നിരീക്ഷണ ക്ലാസ് | അക്കാദമിക വർഷം | | |
| 5) വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണത്വര വർദ്ധിപ്പിക്കൽ, അറിവ് നേടൽ | പുതുമ പകരാൻ സാങ്കേതിക വിദ്യയും പുതിയ കണ്ടുപിടുത്തങ്ങളും പരിചയപ്പെടുത്തുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രജ്ഞന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം / തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

## മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 1) ശാസ്ത്ര കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | ലാബ് ഉപകരണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലാബ് പ്രൊജക്ട് ചെയ്തത് തെരഞ്ഞെടുത്ത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം. | സയൻസ് അധ്യാപകർ | PTA |
| 2) ശാസ്ത്രലോകത്ത് നിരന്തരമായി ഉണ്ടാകുന്ന മാറ്റങ്ങളും പുതിയ വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുക | ക്ലാസുകളിൽ തയ്യാറാക്കിയ പേപ്പറുകൾ അവതരിപ്പിച്ച് തെരഞ്ഞെടുത്ത് പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം. | സയൻസ് അധ്യാപകർ | PTA |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം / ജനു | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം / ജനു | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

# Academic Master Plan

## Social Science - 2025-26

| മേഖല | ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | • കാട്ടും മേട്ടും :- ചരിത്രപ്രധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. • വയൽകിളികൾ :- സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായി അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടക്കുന്നു. നിശ്ചയിച്ച തീയതികളിൽ | . സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റുക. പൗരബോധം കൃത്യബോധം ഉളവാക്കുക. | ഒന്നായി നമ്മൾ :- സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് പൗരബോധം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | . അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | . സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | സ്കൂൾ, കുട്ടികൾ, സ്ഥാപനങ്ങൾ. |
| 3. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണം, നിരീക്ഷണം നടത്തുക. | Start up :- സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശക്കാഴ്ചകൾ, കൗതുകം ഇനിയവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | . വർഷം മുഴുവനും | . സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ. | PTA, Management |
| 4. നേതൃത്വം, സഹിഷ്ണുത എന്നിവ വളർത്തിയെടുക്കുന്ന പ്രവർത്തനങ്ങളിലൂടെ | . ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വേ, Project, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖ | , അക്കാദമിക വർഷം: | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | . സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| | വളർത്തുക, സാംസ്കാരികപരിഷ്കർത്താക്കളെ പരിചയപ്പെടുക. | | | | |
| 5 | ഭൂപടവായന കുട്ടികളിൽ വളർത്തുക, സാമൂഹികശാസ്ത്രം, നന്നായി പഠിക്കുന്നതിന ലക്ഷ്യം കൈവരിക്കുക. | പട്ടുപാതലകരട:- ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. Atlas, മാപ്പുകൾ globe എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര club. |
| 6 | കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്നപൊതുവിജ്ഞാനം വളർത്തുക. | എന്റെ സിനിമയും:- സാമൂഹ്യശാസ്ത്ര പരമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്നതിനുതകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, project, (ചരിത്ര സിനിമകൾ ന്ന). | അക്കാദമികവർഷം മുഴുവനും | | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 7 | വ്യത്യസ്ത ജനസമൂഹങ്ങളെയും ജലാശയങ്ങളെയും, കുന്നുകൾ, സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | ചരിത്രക്കൊട്ടാരം:- വിവിധമായ ലക്ഷണങ്ങളിലൂടെ കുട്ടികളിൽ അവബോധം വരുത്തുക. ചരിത്ര ശേഷിപ്പുകളുടെ ശേഖരണം. നാണയങ്ങൾ. [illegible], [illegible]. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര, അധ്യാപകർ | സാമൂഹ്യശാസ്ത്ര അധ്യാപകർ, club. |

# Academic Master Plan

UP Malayalam - 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം.** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (യാത്രാനുഭവം, കഥ, കവിത അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്താൻ | ജൂൺ | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു. | **വാർത്താലോകത്തേക്ക്** പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാവ് വായിക്കുകയും (പതിക്കരണശേഷി) ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും. | മലയാളം അധ്യാപകർ | |

| | | | |
|---|---|---|---|
| | **വാർത്താവായന**<br>എല്ലാ ദിവസവും പത്രം വായിച്ച് അതാത് മാസത്തെ മാസത്തെ പ്രധാന സംഭവങ്ങൾ ബുക്കിൽ രേഖപ്പെടുത്തൽ അവസരം നൽകുന്നു. | പ്രതിമാസം | മലയാളം അധ്യാപകർ |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **കളക്ഷൻ**<br>സാഹിത്യകാരന്മാർ എഴുത്തുകാർ എന്നിവരുടെ കൃതികൾ നോവലുകൾ എന്നിവ കണ്ടെത്തുക. | വർഷത്തിൽ 2 പ്രാവശ്യം. | മലയാളം അധ്യാപകർ |
| 4. പഠിതാക്കളുടെ കലാവാസനകളെ കണ്ട് പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം**<br>പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ കവിതകൾ ലഘുനാടകങ്ങൾ തുടങ്ങിയവയുടെ അവതരണം. | അക്കാദമിക് വർഷം | മലയാളം അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • നിശാഗന്ധി- ജൈവ വൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവ വേലി, വൃക്ഷങ്ങൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | • കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, കണ്ടൽകാട് നിരീക്ഷണം, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | • പരീക്ഷണക്കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലളിതമായ ചെറു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂലൈ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2. ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്ര വികാസങ്ങൾ [illegible] ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക. | • [illegible]<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | • എക്സ്പോ - എക്സ്പോർട്ട്<br>ആധുനിക ശാസ്ത്രത്തിലെ ലോകത്തിലെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂളിലെ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | • ശാസ്ത്ര വിസ്മയ ചുവർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുവർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | • മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തുന്ന ശാസ്ത്ര സംവാദവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ്ക്ലബ്ബ് |
| | • ക്വിസ്<br>കുട്ടികൾക്ക് ശാസ്ത്ര അവബോധം വളർത്തുന്നതിനായി ക്ലാസുകൾക്ക് ശാസ്ത്രവിഷയങ്ങൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ക്വിസ്. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്ര സാ ന്റെ നൂതന നേട്ടങ്ങൾ തിരിച്ചറി ശാസ്ത്ര സാങ്കേ തികവിദ്യയുടെ സഹായ ത്തോടെ ക്ലാസ്സു ന്ന് ശാസ്ത്രപഠ നത്തിൽ പ്രയോജ നപ്പെടുത്തുന്നു. | • വിസ്തര വായന<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികൾക്ക് നൽകുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രജ്ഞ-ന്മാർ, ശാസ്ത്രജ്ഞന്മാരുടെ ജീവിതരീതി കൾ, പരാജയങ്ങളിൽ തളരാതെ മു ന്നേറിയവരുടെ വിജയ പാഠഭാഗം. | [illegible] | ശാസ്ത്ര പുസ്തകം | |
| 4. പ്രതിഭാശാലി കളായ വിദ്യാർത്ഥി കളിൽ ശാസ്ത്ര താല്പര്യം വളർത്തൽ | പ്രതിഭാശാലികൾക്ക് ശാസ്ത്രത്തിന് വഴികാട്ടുന്നു. കമ്പ്യൂട്ടർ ഉപയോ ഗിച്ച് വിവിധയിനം പരീക്ഷണങ്ങളും, ഭൂപടങ്ങളും കുട്ടികൾക്ക് കാണിച്ച് കൊടുക്കുന്നു. ഇന്റർനെറ്റിന്റെ സഹായം ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | [illegible] | ശാസ്ത്രപുസ്തകം | |